
# വ്യവസായ കേരളം

53

Newsletter of
DIRECTORATE OF INDUSTRIES & COMMERCE
Government of Kerala

www.industry.kerala.gov.in

15 NOVEMBER 2023



## കേരളത്തിലെ ആദ്യ സ്വകാര്യ വ്യവസായ പാർക്ക് പാലക്കാട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു

കേരളത്തിലെ ആദ്യ സ്വകാര്യ വ്യവസായ പാർക്ക് പാലക്കാട് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു. രജിസ്റ്റർ ചെയ്ത് 9 മാസത്തിനുള്ളിൽ മെഷിനറികൾ ഉൾപ്പെടെ എത്തിച്ചുകൊണ്ട് EPE ഫോം ഷീറ്റ് നിർമ്മാണ യൂണിറ്റ് ആരംഭിച്ചതിനൊപ്പം രണ്ടാമത്തെ യൂണിറ്റിന്റെ തറക്കല്ലിടലും 2023 നവംബർ 13ന് ബഹു. വ്യവസായ, നിയമ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് നിർവ്വഹിച്ചു.

കേരളത്തിലെ നൂറിലധികം മാട്രസ് യൂണിറ്റുകളും പാക്കേജിങ്ങ്, ഫർണിഷിങ്ങ് യൂണിറ്റുകളും ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ ഈ പാർക്കിൽ നിർമ്മിക്കാനാണ് കമ്പനികൾ ശ്രമിക്കുന്നത്. ഇതിനൊപ്പം പുതുതായി ആരംഭിക്കുന്ന ലോ ഫോം, നോൺ വീവൺ ഫാബ്രിക് എന്നീ ഉൽപ്പന്നങ്ങൾ കയറ്റുമതിക്കും സാധ്യതയുള്ളവയാണ്. കനാൽപിരിവിലാരംഭിച്ച ഫെദർ ലൈക്ക് ഫോം പ്രൈവറ്റ് പാർക്കിൽ 3 വർഷത്തിനുള്ളിൽ 100 കോടി രൂപയുടെ വിറ്റുവരവാണ് ചുരുങ്ങിയതായി പ്രതീക്ഷിക്കുന്നത്.

സ്വകാര്യ മേഖലയിലും വ്യവസായ പാർക്കുകൾ സ്ഥാപിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥക്ക് പുത്തൻ ഉണർവ്വ് നൽകുന്നതിനാണ് വ്യവസായ വാണിജ്യ വകുപ്പ് ലക്ഷ്യം വയ്ക്കുന്നത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 15 ഓളം വ്യവസായ പാർക്കുകൾക്കാണ് ഇതിനോടകം അനുമതി നൽകിയത്. ഇവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുകയാണ്.






## വേൾഡ് ഫുഡ് ഇന്ത്യ 2023: വൈവിധ്യമാർന്ന ഭക്ഷ്യ സംസ്കാരത്തെ വിളിച്ചോതി കേരളം

ന്യൂഡൽഹിയിലെ പ്രഗതി മൈതാനിയിൽ 2023 നവംബർ 3 മുതൽ 5 വരെ സംഘടിപ്പിച്ച വേൾഡ് ഫുഡ് ഇന്ത്യ 2023 ന്റെ ഭാഗമായി ഒരുക്കിയ കേരള പവലിയന്റെ ഉദ്ഘാടനം ബഹു. നിയമ വ്യവസായ കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജിവ് നിർവ്വഹിച്ചു.

കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയം (MoFPI) സംഘടിപ്പിച്ച 'വേൾഡ് ഫുഡ് ഇന്ത്യ'യുടെ രണ്ടാം പതിപ്പിൽ പാർട്ണർ സ്റ്റേറ്റായാണ് കേരളം സാന്നിധ്യം അറിയിച്ചത്. **മെയ്ഡ് ഇൻ കേരള** എന്ന ആശയത്തെ മുൻനിർത്തി 320 സക്വയർ മീറ്ററിൽ 40-ാളം സ്റ്റാളുകളാണ് പവിലിയനിൽ ക്രമീകരിച്ചിരുന്നത്.സംസ്ഥാനത്ത് സുലഭമായി ലഭിക്കുന്ന വിഭവങ്ങളാൽ അലങ്കരിച്ചൊരുക്കിയിരിക്കുന്ന പവലിയനു മുന്നിലെ തോണി ജനശ്രദ്ധ ആകർഷിക്കുന്ന തരത്തിലാണ് വിഭാവനം ചെയ്തിരുന്നത്. അതേ വിഭവങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ഭക്ഷ്യ സംസ്ക്കരണ മേഖലയിൽ നിന്നുള്ള വിവിധ ഉല്പന്നങ്ങളാണ് സ്റ്റാളുകളിൽ പ്രദർശിപ്പിച്ചത്.

23 സംസ്ഥാനങ്ങളിൽ നിന്നും നിരവധി രാജ്യങ്ങളിൽ നിന്നുമായി 1,200ഓളം പ്രദർശകരാണ് പരിപാടിയുടെ ഭാഗമായത്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾക്ക് കൂടുതൽ പ്രോൽസാഹനവും വിപണി സാധ്യതകളും നൽകുന്നതാണ് വേൾഡ് ഫുഡ് ഇന്ത്യയിലെ ഭക്ഷ്യോൽപന്ന വിപണനമേള.



## 'കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ അവസരങ്ങൾ' പാർട്ണർ സ്റ്റേറ്റ് സെമിനാർ

വേൾഡ് ഫുഡ് ഇന്ത്യയോടനുബന്ധമായി 'കേരളത്തിലെ ഭക്ഷ്യ സംസ്കരണ മേഖലയിലെ അവസരങ്ങൾ' എന്ന വിഷയത്തിൽ 2023 നവംബർ 3 ന് സംഘടിപ്പിച്ച സെമിനാർ ബഹു. മന്ത്രി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യ സംസ്കരണ രംഗത്ത് മികച്ച അവസരമുള്ള സംസ്ഥാനമാണ് കേരളം, വ്യവസായ വളർച്ചയ്ക്ക് അനുയോജ്യമായ എല്ലാ സാഹചര്യങ്ങളും ഇന്ന് കേരളത്തിലുണ്ടെന്ന് ബഹു. മന്ത്രി പറഞ്ഞു. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. സുമൻ ബില്ല ഐ.എ.എസ് കേരളത്തിലെ വ്യവസായ സൗഹാർദ്ദ സാഹചര്യങ്ങളെക്കുറിച്ചുള്ള അവതരണം നടത്തി. ഗവൺമെന്റ് ഓഫ് ഇന്ത്യ മുൻ സെക്രട്ടറിയും സംസ്ഥാന സർക്കാറിന്റെ ഉപദേശകനുമായ ഡോ. അജയ് കുമാർ ഐ.എ.എസ്.(Rtd), കിൻഫ്ര മാനേജിംഗ് ഡയറക്ടർ ശ്രീ. സന്തോഷ് കോശി തോമസ്, പ്രമുഖ വ്യവസായി ശ്രീ. എം. എ. യൂസഫലി, സിന്തൈറ്റ് ഇൻഡസ്ട്രീസ് സ്പൈസ് ഡിവിഷൻ സി.ഇ. ഒ ശ്രീ. പ്രവീൺ വെങ്കിട്ടരാമൻ, നികാസു ഗ്രൂപ്പ് എം.ഡി ശ്രീ. കെ.കെ പിള്ള എന്നിവർ പ്രസംഗിച്ചു.

# ലോകം ഉറ്റുനോക്കിയ കേരളീയം 2023

കേരളീയമെന്ന ആശയത്തെ മലയാളികളുടെ മഹോത്സവമാക്കിയും, കേരളപ്പിറവി മുതലുള്ള ഏഴു പകലിരവുകളെ വരും കാലത്തെ പ്രതീക്ഷയാക്കിയും കേരളീയം 2023ന് ആഹ്ലാദാരവങ്ങളോടെ സമാപനം കുറിച്ചു. കേരളപ്പിറവി ദിനത്തിൽ സാംസ്കാരികരാഷ്ട്രീയസാഹിത്യവ്യാവസായിക ലോകത്തെ പ്രമുഖരെ സാക്ഷിയാക്കി തിരുവനന്തപുരം സെൻട്രൽ സ്റ്റേഡിയത്തിൽ ബഹു. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ആയിരുന്നു 2023 നവംബർ 1ന് പ്രഥമ കേരളീയം വാരാഘോഷത്തിന്റെ ഉദ്ഘാടന കർമം നിർവഹിച്ചത്.

ആറര പതിറ്റാണ്ട് കൊണ്ട് കേരളം കൈവരിച്ച നേട്ടങ്ങൾ, തനത് കലകൾ, സാംസ്കാരിക വൈവിധ്യങ്ങൾ, ഭക്ഷണങ്ങൾ, കാർഷികോല്പന്നങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ ക്ഷേമ പ്രവർത്തനങ്ങളിലെ മുന്നേറ്റങ്ങളടക്കം വിവരിച്ച് കേരള ചരിത്രത്തിൽ പുതിയൊരധ്യായം രചിച്ചാണ് ലോകത്തിന് മുന്നിൽ കേരളത്തെ അടയാളപ്പെടുത്തി 'കേരളീയം' ഒന്നാം പതിപ്പിനു 2023 നവംബർ 7ന് സമാപനം കുറിച്ചത്.



കേരളം കൈവരിച്ച നേട്ടങ്ങളെയും വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങളെയും മുന്നോട്ടുള്ള സാധ്യതകളെയുംക്കുറിച്ചുള്ള സംവാദങ്ങളും, തനത് വിഭവങ്ങളെയും സാംസ്കാരിക പൈതൃകത്തെയും കാർഷികവ്യവസായ പുരോഗതിയെയും നൂതന സാങ്കേതികവിദ്യ രംഗത്തെ നേട്ടങ്ങളെയും വിളിച്ചറിയിക്കുന്ന പ്രദർശനങ്ങളും ബിസിനസ് മീറ്റുകൾ, ട്രേഡ് ഫെയർ, ഭക്ഷ്യമേള, ചലച്ചിത്രമേള, കലാപരിപാടികൾ എന്നിവയും കേരളീയത്തിന്റെ ഭാഗമായി സംഘടിപ്പിക്കപ്പെട്ടു. കേരളത്തിന്റെ വിവിധ മേഖലകളെ ദൃശ്യവൽക്കരിക്കുന്ന 22 പ്രദർശനങ്ങൾ, 30 വേദികളിലായി 4100 കലാകാരന്മാർ പങ്കെടുത്ത 300 കലാപരിപാടികൾ എന്നിവ കേരളീയത്തിന്റെ ആകർഷണമായിരുന്നു.

തിരുവനന്തപുരത്തു എട്ടുവേദികളിലായി നാന്നൂറിലേറെ സ്റ്റാളുകളാണ് കേരളീയത്തിന്റെ ഭാഗമായി ട്രേഡ് ഫെയറിനായി ഒരുക്കിയിരുന്നത്. സൗജന്യ പ്രവേശനത്തോടെയാണ് പുത്തരിക്കണ്ടം മൈതാനത്ത് വ്യവസായ വാണിജ്യ വകുപ്പിന്റെ ട്രേഡ് ഫെയർ സംഘടിപ്പിച്ചത്. സംരംഭകരിൽനിന്ന് ഉത്പന്നങ്ങൾ നേരിട്ടു വാങ്ങാനും അവസരമൊരുക്കിയിരുന്നു. മേളയുടെ ഭാഗമായി വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യവസായ വാണിജ്യ വകുപ്പിന്റെ ബിസിനസ് ടു ബിസിനസ് മീറ്റും സംഘടിപ്പിച്ചിരുന്നു. കൂടാതെ സംരംഭകർക്കും പൊതുജനങ്ങൾക്കുമായി വിവിധ പദ്ധതികളെ കുറിച്ച് സെമിനാറുകളും മേളയുടെ ഭാഗമായി സംഘടിപ്പിച്ചു.

## കേരളീയം 2023ന്റെ ഭാഗമായി സംരംഭകർക്കും പൊതുജനങ്ങൾക്കുമായി സംസ്ഥാന വ്യവസായ വാണിജ്യ വകുപ്പ് സംഘടിപ്പിച്ച വിവിധ സെമിനാറുകളും ശില്പശാലകളും

### കേരളത്തിലെ വ്യവസായ രംഗം; ശില്പശാല

**കേരളത്തിലെ വ്യവസായ രംഗം** എന്ന വിഷയത്തിന്മേലുള്ള ശില്പശാല ബഹു.വ്യവസായ, നിയമ കയർ വകുപ്പ് മന്ത്രി ശ്രീ.പി.രാജീവിന്റെ അദ്ധ്യക്ഷതയിൽ കേരള നിയമസഭയിലെ ആർ.ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ 2023 നവംബർ 4ന് സംഘടിപ്പിച്ചു.

### എം.എസ്.എം.ഇ. കളുടെ പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ ട്രെഡ്സ്

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ (എംഎസ്എംഇ) നേരിടുന്ന പ്രവർത്തന മൂലധന പ്രതിസന്ധി മറികടക്കാൻ കഴിയുന്ന സംവിധാനമായ ട്രേഡ് റിസീവബിൾ ഇലക്ട്രോണിക് ഡിസ്കൗണ്ടിങ് സിസ്റ്റം (**TREDS**) ശില്പശാല 2023 നവംബർ 4ന് വ്യവസായ വാണിജ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ പുത്തരിക്കണ്ടം മൈതാനത്ത് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു.









### എം.എസ്.എം.ഇ. ഉത്പന്നങ്ങൾക്ക് മികച്ച വിപണി ലഭ്യമാക്കാൻ ഒഎൻഡിസി പ്ലാറ്റ്ഫോം

ഓപ്പൺ സോഴ്സ് അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ഉൽപന്നങ്ങൾ വിൽക്കാനും വാങ്ങാനും സഹായിക്കുന്ന സംവിധാനമായ ഓപ്പൺ നെറ്റ്വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ഒഎൻഡിസി) ശില്പശാല പുത്തരിക്കണ്ടം മൈതാനത്ത് 2023 നവംബർ 5ന് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി. രാജീവ് ഉദ്ഘാടനം ചെയ്തു. ഫോർ ഡിജിറ്റൽ കൊമേഴ്സ്

### എം.എസ്.എം.ഇ. കൾക്ക് വിപണന സാധ്യത തുറന്നു നൽകി ബിടുബി മീറ്റ്

ട്രേഡ് ഫെയറിൽ പങ്കെടുക്കുന്ന എം.എസ്.എം.ഇ. കൾക്ക് ദേശീയ, അന്തർദേശീയ വിപണി സാധ്യത ഉറപ്പുവരുത്തുന്ന ബിസിനസ് ടു ബിസിനസ് മീറ്റിന്റെ ഉദ്ഘാടനം 2023 നവംബർ 2ന് പുത്തരിക്കണ്ടം മൈതാനത്ത് ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രി ശ്രീ. പി.രാജീവ് നിർവഹിച്ചു.

## ഐ.ഐ.ടി.എഫ്. രാജ്യാന്തര വ്യാപാരമേള; ശ്രദ്ധേയമായി കേരള പവിലിയൻ



ന്യൂഡൽഹിയിൽ സംഘടിപ്പിക്കുന്ന രാജ്യാന്തര വ്യാപാര മേള (IITF)യിൽ ശ്രദ്ധേയമായി കേരള പവിലിയൻ. പാർട്ണർ സ്റ്റേറ്റായാണ് കേരളം ഇത്തവണ മേളയിൽ പങ്കെടുക്കുന്നത്. സംസ്ഥാന ചീഫ് സെക്രട്ടറി ഡോ. വി.വേണു ഐ.എ.എസ് കേരള പവിലിയൻ ഉദ്ഘാടനം നിർവഹിച്ചു. **വസുധൈവ കുടുംബക യുണൈറ്റഡ് ബൈ ട്രേഡ്** എന്ന തീമിലാണ് കേരളം പവിലിയൻ ഒരുക്കിയിരിക്കുന്നത്. പ്രാചീന കാലം മുതൽ കേരളവുമായുള്ള ലോക രാജ്യങ്ങളുടെ വ്യാപാരബന്ധവും സ്പൈസ് റൂട്ടുമാണ് പവിലിയനിലെ ദൃശ്യങ്ങൾ.




624 ചതുരശ്രയടിയിൽ 44 സ്റ്റാളുകളാണ് പവിലിയനിലുള്ളത്. ഇതിൽ 10 തീം സ്റ്റാളുകളും 34 വാണിജ്യ സ്റ്റാളുകളുമുണ്ട്. കഴിഞ്ഞ വർഷം ഏറെ അനുമോദനങ്ങൾ ഏറ്റുവാങ്ങിയ കേരള പവിലിയൻ സ്വർണ മെഡൽ നേടിയിരുന്നു. ഇന്ത്യ ട്രേഡ് പ്രമോഷൻ ഓർഗനൈസേഷൻ സംഘടിപ്പിക്കുന്ന മേളയ്ക്ക് പാരീസിലെ യൂണിയൻ ഫെയർ ദെ ഇന്റർനാഷണലിന്റെ അംഗീകാരമുണ്ട്. ലോകത്തിലെ ഏറ്റവും വലിയ വ്യാപാരമേളകളിൽ ഒന്നായാണ് IITF പരിഗണിക്കപ്പെടുന്നത്.

Designed and Published by Kerala Bureau of Industrial Promotion (KBIP) on behalf of
Directorate of Industries & Commerce, Government of Kerala, Vikas Bhavan, Thiruvananthapuram.